**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2337** **30-09-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണന വിഭാഗത്തിലെ കാർഡുകളിൽ നിന്നും അനർഹരെ ഒഴിവാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി ഒരു മാസം ശരാശരി എത്ര അപേക്ഷകൾ ലഭിക്കുന്നും ഇവയിൽ എത്ര അപേക്ഷകൾക്ക് പരിഹാരം കാണാറുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി രണ്ട് ലക്ഷത്തോളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഇവയിൽ 99.84% അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മുൻഗണന കാർഡുകൾ അനുവദിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 6,40,786 മുൻഗണന കാർഡുകൾ നൽകിയിട്ടുണ്ട്. |
| (സി) | അനർഹരായ ആളുകളെ മുൻഗണന വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അനർഹരായ ആളുകളിൽ നിന്നും പിഴ ഇനത്തിൽ സ്വീകരിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | NFSA സ്റ്റേറ്റ് റൂൾ 2018 ലെ ഖണ്ഡിക 6 പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 പ്രകാരം അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. വകുപ്പിലെ എല്ലാ പരിശോധനാ ഉദ്യോഗസ്ഥരും ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിക്കൊണ്ട് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയായതിനാൽ ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ പിന്തുണയും ആവശ്യമാണ്. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് ടോൾ ഫ്രീ നമ്പർ 1987, 1800-425-1550, വാട്ട്സ്ആപ്പ് നമ്പർ 9188527301 എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ് . പരാതിസെല്ലിലൂടെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അനർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റി വരികയാണ്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി "ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | യെല്ലോ" എന്ന പേരിൽ ഒരു പരിശോധനാ പരിപാടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഓപ്പറേഷൻ യെല്ലോ പ്രകാരം - 4,19,19,486/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. അനർഹരെ കണ്ടെത്തുന്നതിന്റെ ഭാഗമായി മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ഒരംഗം മാത്രമുള്ള മുൻഗണനാവിഭാഗം കാർഡുകൾ പരിശോധിച്ച് അനർഹരെ കണ്ടെത്തി വരുന്നു. അനർഹരെ മാറ്റുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ചവരിൽ നിന്നും ആകെ 15,47,34,361/- (ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെ) രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ